**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5299**

**01-07-2019 - ലെ മറുപടിക്ക്**

**ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിൽ നിന്നുള്ള ടെണ്ടർ സേവിംഗ്സ്**

| ചോദ്യം<br><br>**ശ്രീ.പി.ഉണ്ണി** | ഉത്തരം<br><br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിൽ നിന്നും 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് ഉണ്ടെന്ന് വ്യക്തമാക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരം ഉള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംസ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംസ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |
| ബി) ടെണ്ടർ സേവിംഗ്സ് തുകയുടെ പ്രപ്പോസലുകൾ അനുവദിക്കുന്നതിലെ ധനകാര്യ വകുപ്പിന്റെ മാനദണ്ഡം വ്യക്തമാക്കാമോ? | 04/08/2018 ലെ സ.ഉ(പി) നമ്പർ 119/2018/ധന ഉത്തരവ് 2.7 മുതൽ 2.10 വരെ നിർദ്ദേശങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ടെണ്ടർസേവിംഗ്സ് വിനിയോഗിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**